**<u>ഗ്രാമന്യായാലയ കൊടുവള്ളി, താമരശ്ശേരി</u>**

**<u>ഹാജർ : ശ്രീമതി. പ്രീതി തമ്പാൻ, ന്യായാധികാരി</u>**

**<u>2026 മാർച്ച് മാസം 24 തീയ്യതി</u>**

**<u>MC 65/2022</u>**

ജസീല.സി.കെ, 31 വയസ്സ്
D/o. അത്യമ്മാൻ,
ചെട്ടിയകുന്നുമ്മൽ വീട്,
കിഴക്കോത്ത് പി.ഒ, കൊടുവള്ളി വഴി,
കോഴിക്കോട്, 673572.
(കൊടുവള്ളി പോലീസ് സ്റ്റേഷൻ പരിധി)

: ഹരജിക്കാരി

ശ്രീ.റഫ്ത്താസ്.പി, (ഹരജിക്കാരി ഭാഗം അഡ്വക്കറ്റ്)

1. ജബ്സാർ, 42 വയസ്സ്,
S/o.മുഹമ്മദ്, പുതിയോട്ടു പുറായിൽ,
വാരിക്കുഴിത്താഴം, മാനിപുരം.പി,ഒ,
കോഴിക്കോട്, 673 572.
2. നദീറ, 62 വയസ്സ്,
W/o.മുഹമ്മദ്, പുതിയോട്ടു പുറായിൽ,
വാരിക്കുഴിത്താഴം, മാനിപുരം.പി,ഒ,
കോഴിക്കോട്, 673 572.
3. മുഹമ്മദ്, 68 വയസ്സ്,
S/o.അബൂബക്കർ ഹാജി,
പുതിയോട്ടു പുറായിൽ,
വാരിക്കുഴിത്താഴം, മാനിപുരം.പി,ഒ,
കോഴിക്കോട്, 673 572.
4. നസീറ, 43 വയസ്സ്,
D/o.മുഹമ്മദ്, പുതിയോട്ടു പുറായിൽ,
വാരിക്കുഴിത്താഴം, മാനിപുരം.പി,ഒ,
കോഴിക്കോട്, 673 572.
(കൊടുവള്ളി പോലീസ് സ്റ്റേഷൻ പരിധി)

:എതിർകക്ഷികൾ

ശ്രീ.മുസാഫർ സൽമാൻ(എതിർകക്ഷികൾ ഭാഗം അഡ്വക്കററ്

നടപടിക്രമം : ഗാർഹിക പീഡനത്തിൽ നിന്നുള്ള സ്ത്രീ സംരക്ഷണ നിയമം 2005 ലെ 12 വകുപ്പ് പ്രകാരം.

**ഉത്തരവ്**

ഗാർഹിക പീഡനത്തിൽ നിന്നുള്ള സ്ത്രീ സംരക്ഷണനിയമം 2005 ലെ 12 വകുപ്പ് പ്രകാരം ഹർജിക്കാരി ബോധിപ്പിച്ച ഹർജിയാണിത്.

2. ഹർജിക്കാരിയുടെ കേസിൻെറ സംക്ഷിപ്തരൂപം ഇപ്രകാരമാണ്: -

ഒന്നാം എതിർകക്ഷി ഹർജിക്കാരിയുടെ ഭർത്താവും, രണ്ടാം എതിർകക്ഷി ഹർജിക്കാരിയുടെ ഭർത്താവിന്റെ ഉമ്മയും, മൂന്നാം എതിർകക്ഷി ഹർജിക്കാരിയുടെ ഭർത്താവിന്റെ ബാപ്പയും, നാലാം എതിർകക്ഷി ഹർജിക്കാരിയുടെ ഭർത്താവിന്റെ സഹോദരിയും ആണ്. ഹർജിക്കാരിയും ഒന്നാം എതിർകക്ഷിയും തമ്മിലുള്ള വിവാഹം 20.07.2009 തീയ്യതി നടന്നിട്ടുള്ളതും വിവാഹ ശേഷം മാനിപുരത്തെ വീട്ടിൽ എതിർകക്ഷികളോടൊപ്പം താമസിച്ചിട്ടുള്ളതുമാണ്. പ്രസ്തുത വിവാഹബന്ധത്തിൽ ദിൽഹ ഫാത്തിമ എന്ന മകളുണ്ട്. മകൾ ഇപ്പോൾ ഹർജിക്കാരിയോടൊപ്പമാണ് താമസം. വീട്ടുകാർക്ക് താല്പര്യമില്ലാതിരുന്നിട്ടും ഹാരജിക്കാരിയുടെ നിർബന്ധപ്രകാരമാണ് വിവാഹം നടന്നത്. വിവാഹസമയത്ത് ഒന്നാം എതിർകക്ഷി കൊടുവള്ളിയിൽ ഓട്ടോ ഡ്രൈവറായി ജോലി ചെയ്യുകയായിരുന്നു. കൂടാതെ കോഴിക്കോട് ടൗണിൽ തുണിത്തരങ്ങളുടെ ഹോൾസെയിൽ ബിസിനസ്സും ഉണ്ടായിരുന്നു. വിവാഹസമയത്ത് ഹർജിക്കാരിക്ക് ഹർജിക്കാരിയുടെ വീട്ടുകാർ 53 ½ പവൻ സ്വർണ്ണാഭരണങ്ങളും ഒന്നാം എതിർകക്ഷിക്ക് KL-57-1967 നമ്പർ ബൈക്കും സമ്മാനമായി നൽകിയിരുന്നു. കൂടാതെ ഒന്നാം എതിർകക്ഷി 5 ½ പവൻെറ മഹറും ഹർജിക്കാരിക്ക് നല്കിയിരുന്നു. ഹർജിക്കാരിയുടെ മാതാപിതാക്കൾ പ്രായമായവരും ഒറ്റയ്ക്കായതിനാലും ഹർജിക്കാരി ഇടയ്ക്കിടെ സ്വന്തം വീട്ടിൽ പോയി നിൽക്കാറുണ്ടായിരുന്നു. ഇതിൽ എതിർകക്ഷികൾക്ക് അന്ന് എതിർപ്പില്ലായിരുന്നു. വിവാഹം കഴിഞ്ഞ് ഒരാഴ്ചയായപ്പോൾ ഹർജിക്കാരിയെയും കൂട്ടി ഭർത്താവ് വീഡിയോ ഷൂട്ടിനായി കക്കയം എന്ന സ്ഥലത്തേക്ക് പോയി. ഭർത്താവിന്റെ മുതലാളിയായ ഹമീദ് കുറ്റ്യാടി എന്നയാളുടെ വാഹനത്തിലാണ് ഇവർ പോയത്.കക്കയത്തുനിന്ന് മടങ്ങുന്ന വഴിയിൽ ഭർത്താവും മുതലാളിയും ചേർന്ന് ഹർജിക്കാരിയെ കോഴിക്കോട്ടുള്ള ഒരു ഇരുനില വീട്ടിലേക്ക് കൊണ്ടുപോയി.ആ വീട്ടിലെ വിവിധ മുറികളിലായി

വളരെ മോശമായ രീതിയിൽ വസ്ത്രം ധരിച്ച സ്ത്രീകളെ ഹർജിക്കാരി കാണുകയും മുകളിലെ നിലയിൽ നിന്ന് ഷർട് ധരിക്കാത്ത ഒരു പുരുഷൻ തന്നെ നോക്കുന്നത് കണ്ട് ഭയന്ന ഹരജിക്കാരി പുറത്തേക്കിറങ്ങി നിൽക്കുകയും ചെയ്തു. ഹർജിക്കാരിയെ തിരക്കി പുറത്തുവന്ന ഭർത്താവിനെ അവിടുണ്ടായിരുന്ന സ്ത്രീകൾ അടുക്കള ഭാഗത്തേക്ക് കൂട്ടിക്കൊണ്ടുപോയി. കുറച്ചു സമയത്തിന് ശേഷമാണ് ഭർത്താവ് ഹർജിക്കാരിയുടെ അടുത്തേക്ക് തിരികെ വന്നത്. ഇത് ഹരജിക്കാരിക്ക് മാനസിക പ്രയാസമുണ്ടാക്കുകയും ഇതിനെ പറ്റി ചോദിച്ചപ്പോൾ ഇനി ഇത്തരം സംഭവങ്ങൾ ഉണ്ടാവുകയില്ലെന്ന് ഹാരജിക്കാരിക്ക് വാക്ക് കൊടുക്കുകയും ചെയ്തു. ഒന്നാം എതിർകക്ഷിക്ക് മദ്യപാനവും അമിത ലഹരി ഉപയോഗവും തെറ്റായ സൗഹൃദങ്ങളും ഉണ്ടായിരുന്നു. ഇതിനെച്ചൊല്ലി വീട്ടിൽ നിരന്തരം വഴക്കുകൾ നടന്നിരുന്നു.രണ്ടും മൂന്നും നാലും എതിർകക്ഷികൾ ഹർജിക്കാരി വീട്ടിലെ പണികളൊന്നും ചെയ്യുന്നില്ലെന്നും മുറിയിൽ അടച്ചിരിക്കുകയാണെന്നും ഭർത്താവിനോട് നുണകൾ പറഞ്ഞ് അദ്ദേഹത്തെക്കൊണ്ട് ഹർജിക്കാരിയെ മർദ്ദിപ്പിക്കുന്നത് ഇവരുടെ പതിവായിരുന്നു. ഹർജിക്കാരി 7 മാസം ഗർഭിണിയായിരിക്കെ, വഴക്കിനിടെ ഭർത്താവ് ഹർജിക്കാരിയുടെ വയറ്റിൽ ചവിട്ടുകയും തുടർന്ന് അവരെ ആശുപത്രിയിൽ പ്രവേശിപ്പിക്കുകയും ചെയ്തു. ഗർഭകാലത്ത് പലതവണ ശാരീരിക ഉപദ്രവങ്ങൾ ഉണ്ടായിട്ടുണ്ട്. ഹർജിക്കാരി എട്ടു മാസം ഗർഭിണിയായിരുന്നപ്പോൾ ഒന്നാം എതിർകക്ഷി വിദേശത്തേക്ക് പോയി. അതിന് ശേഷം ഹരജിക്കാരി സ്വന്തം വീട്ടിലാണ് താമസിച്ചത്. പ്രസവ ശേഷം കുട്ടിക്ക് നാലര മാസം പ്രായമായപ്പോൾ ഒന്നാം എതിർ കക്ഷിയുടെ നിർബന്ധപ്രകാരം മാത്രമാണ് രണ്ടും മൂന്നും നാലും എതിർകക്ഷികൾ ഒന്നാം എതിർകക്ഷിയുടെ വീട്ടിലേക്ക് കൂട്ടികൊണ്ട് പോവാൻ തയാറായത്. കുട്ടിക്ക് 6 മാസം പ്രായമായപ്പോളാണ് ഒന്നാം എതിർകക്ഷി നാട്ടിലേക്ക് വന്നത്. അതിന് ശേഷം രണ്ട് വർഷം ഒന്നാം എതിർകക്ഷി വിദേശത്തേക്ക് പോയില്ല. ഒന്നാം എതിർകക്ഷിയോട് ഹാരജിക്കാരി നാട്ടിൽ ജോലിക്ക് പോവാൻ ആവശ്യപ്പെട്ടപ്പോൾ രണ്ടും മൂന്നും നാലും എതിർകക്ഷികൾ അതിന് അനുവദിക്കാതെ ഹരജിക്കാരിയോട് ഹർജിക്കാരിയുടെ വീട്ടുകാരോട് പണം വാങ്ങി ഒന്നാം എതിർകക്ഷിക്ക് കൊടുക്കാൻ പറയുകയും അത് ഹർജിക്കാരി അനുസരിക്കാത്തതിന് രണ്ടും മൂന്നും, നാലും എതിർകക്ഷികൾ ഹർജിക്കാരിയെ അസഭ്യം പറയുകയും അതിനോട് പ്രതികരിച്ചപ്പോൾ ഭർത്താവും വീട്ടുകാരും ചേർന്ന് മുഖത്തടിക്കുകയും മുടിയിൽ പിടിച്ചു വലിച്ച് ചുവരിലിട്ട് ഇടിക്കുകയും ചെയ്തു. എതിർകക്ഷികളുടെ ഇത്തരം സ്വഭാവം കാരണം

ഹരജിക്കാരിയുടെയും കുട്ടിയുടെയും ചിലവിന് ഹർജിക്കാരിയുടെ വീട്ടുകാരെ തന്നെയായിരുന്നു ഹരജിക്കാരി ആശ്രയിച്ചത്.2013 ലാണ് ഒന്നാം എതിർകക്ഷി ഹർജിക്കാരിയുടെ നിർബന്ധപ്രകാരം വീണ്ടും വിദേശത്തേക്ക് പോകുന്നത്. പിന്നീട് ഒന്നരവർഷം കഴിഞ്ഞ് നാട്ടിൽ തിരിച്ചു വന്നു. ഇങ്ങനെ പല തവണ വിദേശത്തേക്ക് പോകാനായുള്ള ചിലവുകൾക്ക് വേണ്ടി ഹർജിക്കാരിയുടെ 40 പവനോളം ഒന്നാം എതിർകക്ഷി ദുരുപയോഗം ചെയ്തു.

3. രണ്ടാം എതിർകക്ഷി ദാർഷ്ട്യമുള്ള സ്വഭാവക്കാരിയാണെന്നും ഇവരുടെ പെരുമാറ്റം കാരണം ഭർത്താവിന്റെ മറ്റ് ബന്ധുക്കൾ പോലും ആ കുടുംബവുമായി നല്ല ബന്ധത്തിലല്ലായിരുന്നു. മൂന്നാം എതിർകക്ഷി മദ്യപാനിയായിരുന്നു. ഇതിനെച്ചൊല്ലി രണ്ടാം എതിർകക്ഷിയും മൂന്നാം എതിർ കക്ഷിയും തമ്മിൽ നിരന്തരം വഴക്കിടാറുണ്ടായിരുന്നു.ഒന്നാം എതിർകക്ഷി വിദേശത്താവുമ്പോൾ ഹർജിക്കാരിക്കും കുട്ടിക്കും ഉള്ള ചിലവ് മൂന്നാം എതിർകക്ഷിയുടെ അക്കൗണ്ടിലേക്കാണ് അയച്ചിരുന്നത്. വീട്ടിലെ എല്ലാ ചിലവുകളും കഴിഞ്ഞ് മിച്ചം വരുന്ന പണം മാത്രമാണ് ഹർജിക്കാരിക്കും കുട്ടിക്കും ചിലവിനായി നൽകിയിരുന്നത്. നാലാം എതിർകക്ഷിയുടെ നിർദ്ദേശപ്രകാരമാണ് ഇങ്ങനെ ചെയ്തിരുന്നത്.ഭർത്താവിൽ നിന്ന് തെറ്റിപ്പിരിഞ്ഞ് മറ്റു എതിർകക്ഷിക്കളുടെ കൂടെ താമസിക്കുന്ന നാലാം എതിർകക്ഷി ഒന്നാം എതിർകക്ഷിയുടെ കുടുംബ ജീവിതത്തിൽ അനാവശ്യമായി ഇടപെടുകയും നിസാര പ്രശ്നങ്ങൾ പെരുപ്പിച്ചും ഒന്നും രണ്ടും മൂന്നും എതിർകക്ഷികൾക്ക് ഹരജിക്കാരിയോട് ദേഷ്യം വർധിപ്പിക്കുന്ന രൂപത്തിൽ ഇടപെടുകയും കൂടാതെ നാലാം എതിർകക്ഷിയാണ് കുടുംബപ്രശ്നങ്ങൾക്ക് കാരണം എന്ന് ഹർജിക്കാരി പറഞ്ഞാൽ, മറ്റു എതിർകക്ഷികൾ ചേർന്ന് ഹർജിക്കാരിയെ ശാരീരികമായി ഉപദ്രവിക്കുമായിരുന്നു. ഹർജിക്കാരി ഭക്ഷണം പാചകം ചെയ്തു വെച്ചാൽ "ഇത് വായിൽ വെക്കാൻ കൊള്ളുമോടി, നീ ആളെ കൊല്ലാൻ വേണ്ടിയാണോ" തുടങ്ങി അസഭ്യമായ പദങ്ങൾ ഉപയോഗിച്ച് ഹർജിക്കാരിയുടെ ഉമ്മയെ അടക്കം തെറി വിളിക്കാറുണ്ട്.

4 ഒന്നാം എതിർകക്ഷി അസമയത്ത് വീട്ടിൽ നിന്ന് ഇറങ്ങിപ്പോകുന്നത് പതിവായിരുന്നു. ഇതിന്റെ പേരിൽ ഹരജിക്കാരിയും ഒന്നാം എതിർകക്ഷിയും തമ്മിൽ വഴക്കിടാറുണ്ടായിരുന്നു.ലഹരി വില്പനയ്ക്കും പെൺവാണിഭത്തിനും വേണ്ടിയാണ് ഭർത്താവ് ഇങ്ങനെ ചെയ്യുന്നതെന്ന് ഹർജിക്കാരിക്ക് പിന്നീടാണ്

മനസ്സിലായത്.ഭർത്താവിന് ലഹരി ഉപയോഗത്തിൽ നിന്ന് പിന്തിരിപ്പിക്കാൻ ശ്രമിച്ചപ്പോഴെല്ലാം ഹർജിക്കാരിക്ക് ക്രൂരമായ മർദ്ദനം ഏൽക്കേണ്ടി വന്നു. ഒരിക്കൽ വഴക്കിനിടെ ഭർത്താവ് തള്ളിയിട്ടപ്പോൾ വീഴ്ചയിൽ ഹർജിക്കാരിയുടെ ഷോൾഡർ പൊട്ടുകയും ആശുപത്രിയിൽ അഡ്മിറ്റ് ആവുകയും ചെയ്തിട്ടുണ്ട്. ഹർജിക്കാരിയുടെയും ഒന്നാം എതിർകക്ഷിയുടെയും ജീവിതം പ്രശ്നങ്ങൾ ഇല്ലാതെ മുന്നോട്ടു പോകുന്നതിനു വേണ്ടി ഹർജിക്കാരിയുടെ മാതാവിന് കുടുംബ ഓഹരി ആയി കിട്ടിയ കൊടുവള്ളി എട്ടാം വാർഡ് നെല്ലാങ്കണ്ടി ആവിലോറ കിഴക്കോത്ത് പഞ്ചായത്തിലെ എട്ടേകാൽ സെന്റ് സ്ഥലം ഹർജിക്കാരിയുടെ പേരിലേക്ക് രജിസ്റ്റർ ചെയ്തു നൽകുകയും ആയതിൽ ഹർജിക്കാരിയും ഒന്നാം എതിർകക്ഷിയും ഒരു വീട് വെച്ച് താമസിക്കുവാൻ ഹർജിക്കാരിയുടെ ബന്ധുക്കൾ നിർബന്ധിക്കുകയും ആയതിൽ വീടുപണി തുടങ്ങുവാൻ വേണ്ടി ഹർജിക്കാരിയുടെ 12 പവൻ സ്വർണാഭരണങ്ങൾ ഒന്നാം എതിർകക്ഷി വിൽക്കുകയും കൂടാതെ ഹർജിക്കാരിയുടെ പേരിൽ കിഴക്കോത്ത് കോ-ഓപ്പറേറ്റീവ് ബാങ്കിൽ നിന്ന് 6 ലക്ഷം രൂപ ലോൺ എടുക്കുകയും ചെയ്തിരുന്നു, പിന്നീട് ആറു വർഷം എടുത്താണ് വീട് പണി പൂർത്തിയായത്. ഒന്നാം എതിർകക്ഷി വിദേശത്തുനിന്ന് അയക്കുന്ന പണം ഒന്നും പ്രസ്തുത വീട് പണിക്ക് രണ്ടും മൂന്നും എതിർകക്ഷികൾ കൊടുത്തിരുന്നില്ല. ആയതുകൊണ്ട് തന്നെ വീടുപണി നടത്തുവാൻ ഹർജിക്കാരിയുടെ വീട്ടുകാർ സാമ്പത്തികമായി സഹായിച്ചിരുന്നു. ഒന്നാം എതിർകക്ഷിക്ക് സ്ഥിര വരുമാനം ഇല്ലാത്തതിനാലും തിരിച്ചു വിദേശത്ത് പോയി ജോലിയിൽ കയറാൻ താല്പര്യമില്ലാത്തതിനാലും ഹർജിക്കാരി ഒരു ജോലിക്ക് ശ്രമിക്കുകയും അങ്ങനെ കാരന്തൂർ മർക്കസ് ഇംഗ്ലീഷ് മീഡിയം സ്കൂളിൽ ഇംഗ്ലീഷ് അധ്യാപികയായി ജോലി ചെയ്തു വരികയും ആണ്. എതിർകക്ഷികൾക്ക് ഹർജിക്കാരി ജോലിക്ക് പോകുന്നത് താല്പര്യമില്ലായിരുന്നു. ഹർജിക്കാരിയുടെ പേരിലുള്ള സ്ഥലത്ത് വീടുപണി ഭാഗികമായി തീർത്ത് ഹർജിക്കാരിയും ഒന്നാം എതിർകക്ഷിയും മകളും പുതിയ വീട്ടിലേക്ക് താമസം മാറുകയും ചെയ്തു. ഒന്നാം എതിർകക്ഷി വിദേശത്തേക്ക് പോയതിനാൽ ഹർജിക്കാരി പുതിയ വീട്ടിൽ ഒറ്റയ്ക്ക് ആയതിനാൽ ഹർജിക്കാരിയുടെ മാതാവിന്റെ വീട്ടിലാണ് താമസിച്ചിരുന്നത്. ഒന്നാം എതിർകക്ഷി നാട്ടിൽ വന്നപ്പോൾ മുക്കിലങ്ങാടി പള്ളി കമ്മിറ്റിക്കാർ ഒന്നാമെതിർകക്ഷിയുടെ അമ്മാവന്റെ വീട്ടിൽ വച്ച് ഇരു വീട്ടുകാരുടെയും പള്ളി കമ്മിറ്റിക്കാരുടെയും സാന്നിധ്യത്തിൽ ഒരു ചർച്ച നടത്തുകയും എന്നാൽ ഒന്നാം എതിർകക്ഷി അനാവശ്യമായി ബഹളം വയ്ക്കുകയും ചർച്ചാവിഷയം അല്ലാത്ത കാര്യങ്ങൾ വിളിച്ചു പറയും പ്രത്യേകിച്ച് ഒരു തീരുമാനവും എടുക്കാൻ

സാധിക്കില്ല എന്നും നിങ്ങളെല്ലാവരും ഹർജിക്കാരിക്കു വേണ്ടി മാത്രമാണ് സംസാരിക്കുന്നത് എന്നൊക്കെ പറഞ്ഞ് ബഹളം വെച്ച് ഇറങ്ങിപ്പോവുകയാണ് ഉണ്ടായത്. കുറച്ചു ദിവസങ്ങൾക്കുശേഷം മഹലിലെ പള്ളിയിൽ പോയി ഒന്നാം എതിർകക്ഷിക്ക് ഒരു നിക്കാഹ് കൂടി കഴിക്കണമെന്ന് ആവശ്യപ്പെടുകയും എന്നാൽ ഹർജിക്കാരിയുമായുള്ള നിക്കാഹ് നിലവിലുള്ളതിനാൽ ഒന്നാം എതിർകക്ഷിയുടെ മഹല്ലിൽ നിന്ന് അതിനുള്ള അനുവാദം ലഭിച്ചിരുന്നില്ല. ഒന്നാം എതിർകക്ഷി മറ്റൊരു യുവതിയെ ഒന്നാം എതിർകക്ഷിയുടെ വീട്ടുകാരുടെ പൂർണ്ണ സമ്മതത്തോടുകൂടി രഹസ്യമായി വിവാഹം ചെയ്യുകയും രഹസ്യമായി ഒന്നാം എതിർകക്ഷിയുടെ വീട്ടിൽ താമസിച്ചു വരികയും ആണ്. കഴിഞ്ഞ കുറച്ചു മാസങ്ങൾക്കു മുമ്പ് ആ യുവതി ഒരു കുഞ്ഞിന് ജന്മം നൽകിയിട്ടുണ്ടെന്ന് ആണ് ഹർജിക്കാരിക്ക് അറിയാൻ കഴിഞ്ഞത്. ഹർജിക്കാരിയുമായുള്ള വിവാഹബന്ധം നിലനിൽക്കുകയാണ് എതിർകക്ഷികൾ ഉത്തരം പ്രവർത്തികൾ ചെയ്തിരുന്നത്. ആയതിനാൽ എതിർകക്ഷികൾ ക്കെതിരെ സംരക്ഷണ, സാമ്പത്തിക ഉത്തരവുകൾക്ക് അപേക്ഷിച്ചു കൊണ്ടാണ് പ്രസ്തുത ഹർജി ബോധിപ്പിച്ചിട്ടുള്ളത്.

5. എതിർകക്ഷികൾക്ക് നോട്ടീസ് അയച്ചതിൽ എതിർകക്ഷികൾ ഹാജരായി ആക്ഷേപം ബോധിപ്പിച്ചു. ഹർജിയെ എതിർത്തുകൊണ്ടും ഹർ ജിയിലെ ആരോപണങ്ങൾ നിഷേധിച്ചുകൊണ്ടും താഴെ പറയുന്ന വാദങ്ങൾ ഉന്നയിച്ചുകൊണ്ടും എതിർകക്ഷികൾ ആക്ഷേപം ബോധിപ്പിച്ചു.

ഹർജിക്കാരിയും ഒന്നാം എതിർകക്ഷിയും തമ്മിലുള്ള വിവാഹം 20.07.2009 തീയ്യതി നടന്നിട്ടുള്ളതാണെന്നതും വിവാഹ ശേഷം മാനിപുരത്തെ വീട്ടിൽ എതിർകക്ഷികളോടൊപ്പം താമസിച്ചിട്ടുള്ളതാണെന്നുള്ളതും പ്രസ്തുത വിവാഹബന്ധത്തിൽ ദിൽഹ ഫാത്തിമ എന്ന മകളുണ്ട് എന്നതും എതിർകക്ഷി ശരിവച്ചു. ഹർജിക്കാരി കളവായ കാര്യങ്ങൾ ആരോപിച്ചാണ് ഇപ്രകാരം ഹർജി ബോധിപ്പിച്ചിട്ടുള്ളത്. ഹർജിക്കാരി അനാവശ്യ സമയങ്ങളിൽ ഫോൺ ചെയ്യുന്നതും മറ്റും ഒന്നാം എതിർകക്ഷി ഉപദേശിച്ചതിൽ അകാരണമായി ഒന്നാം എതിർക്കക്ഷിയുമായി വേറിട്ട് താമസിക്കുന്ന ഹർജിക്കാരി കളവായ കാര്യങ്ങൾ ആരോപിച്ച് ഇപ്രകാരം ഹർജി ബോധിപ്പിച്ചിട്ടുള്ളതാണ്. രണ്ട് മൂന്ന് നാല് എതിർകക്ഷികൾക്ക് ബുദ്ധിമുട്ടുണ്ടാക്കുക എന്ന ഉദ്ദേശം വച്ചാണ് മേൽ ഹർജി ബോധിപ്പിച്ചത്. ഹർജിയിൽ പറയും പ്രകാരം ഉള്ള യാതൊരു ഗാർഹിക പീഡനവും ഹർജിക്കാരിക്ക് ഉണ്ടായിട്ടില്ലാത്തതാണ്. ഹർജിയിൽ പറയും പ്രകാരമുള്ള സാമ്പത്തിക നിവർത്തികൾ നൽകാനുള്ള സാമ്പത്തിക സ്ഥിതി

ഒന്നാം എതിർകക്ഷിക്ക് ഇല്ലാത്തതാണ്. ആയതുകൊണ്ട് തന്നെ ടി ഹർജി തള്ളി ഉത്തരവാകാൻ അപേക്ഷ.

6. ഹരജിക്കാരി PW1 ആയി തെളിവ് നൽകി. രേഖകളൊന്നും ഹാജരാക്കിയില്ല. എതിർകക്ഷികൾ ആക്ഷേപം ബോധിപ്പിച്ചെങ്കിലും പിന്നീട് ഹാജരാവുകയോ തെളിവു നല്കുകയോ ചെയ്യാത്തതിനെ തുടർന്ന് എതിർകക്ഷിയുടെ അഭാവത്തിൽ കേസ് തുടർന്ന് നടത്താൻ ഉത്തരവായി.

7. ഹർജിക്കാരി ഭാഗം വാദം കേട്ടു.

8. തെളിവുകളിൽ നിന്നും വാദങ്ങളിൽ നിന്നും താഴെപ്പറയുന്ന വിഷയങ്ങൾ പരിഗണനയ്ക്കായി ഉയർന്നു:

i) ഗാർഹിക പീഡനത്തിൽ നിന്നും സ്ത്രീകളെ സംരക്ഷിക്കുന്ന നിയമം വകുപ്പ്2(a) പ്രകാരം ഹർജിക്കാരി ആക്രമിക്കപ്പെട്ട വ്യക്തിയാണോ?

ii) ഗാർഹിക പീഡനത്തിൽ നിന്നും സ്ത്രീകളെ സംരക്ഷിക്കുന്ന നിയമപ്രകാരം പറയുന്ന ഗാർഹിക ബന്ധം ഹർജിക്കാരി തെളിയിച്ചിട്ടുണ്ട്?

iii) ഹർജിക്കാരിക്ക് ഗാർഹിക പീഡനത്തിൽ നിന്നും സ്ത്രീകളെ സംരക്ഷിക്കുന്ന നിയമം വകുപ്പ് 18 (എ) പ്രകാരമുള്ള ഉത്തരവ് ലഭിക്കാൻ അർഹതയുണ്ടോ?

iv) ഹർജിക്കാരിയെ യാതൊരു കാരണവും കൂടാതെ വ്യവഹാരത്തിലേക്ക് വലിച്ചിഴച്ചതിനാൽ വ്യവഹാര നടത്തിപ്പിന് വേണ്ട ചിലവ് തുകയായ 25,000/- രൂപ എതിർകക്ഷികളോട് നല്കുവാൻ കല്പിച്ചുകൊണ്ടുള്ള ഒരുത്തരവ് ലഭിക്കാൻ ഹർ ജിക്കാരിക്കർഹതയുണ്ടോ?

v) ഒന്നാം എതിർകക്ഷിയിൽ നിന്നും കുട്ടിക്ക് ജീവിത ചിലവിലേക്ക് പ്രതിമാസം 25,000/- രൂപ സംരക്ഷണ ചിലവ് ലഭിക്കുന്നതിന് അർ ഹതയുണ്ടോ?

vi) ഹർജിക്കാരിക്ക് ഗാർഹിക പീഡനത്തിൽ നിന്നും സ്ത്രീകളെ സംരക്ഷിക്കുന്ന നിയമം വകുപ്പ് 22 പ്രകാരം ഒന്നാം എതിർകക്ഷിയിൽ നിന്നേറ്റ ശാരീരിക മാനസിക പീഡനങ്ങൾക്ക്

നഷ്ടപരിഹാരമായി ഒന്നാം എതിർകക്ഷിയിൽ നിന്ന് 10,00,000/- (പത്ത് ലക്ഷം) രൂപ നഷ്ടപരിഹാരം ലഭിക്കാൻ അർഹതയുണ്ടോ?

vii) ഉത്തരവുകളും ചിലവുകളും?

9. **പോയിൻറ് നമ്പർ i മുതൽ vi വരെ** : ഹരജിക്കാരി ഹാജരായി. തുടർന്ന് സാക്ഷി സത്യവാങ്മൂലം ഫയലാക്കുകയും ചെയ്തു. ഹരജിക്കാരിയുടെ തെളിവിലേക്കായി ഹരജിക്കാരി തന്നെ PW1 ആയി മൊഴിനൽകി. ഹരജിയിൽ പറഞ്ഞിരിക്കുന്ന പ്രസ്ഥാവനകൾ ഹരജിക്കാരി സാക്ഷിക്കൂട്ടിലും ആവർത്തിച്ചു. ഹരജിക്കാരി നഷ്ടപരിഹാര തുകയായി 10 ലക്ഷം രൂപ ഒന്നാം എതിർകക്ഷിയോട് നൽകാൻ ഉത്തരവ് ഉണ്ടാകണം എന്ന് ഹരജിയിൽ ആവശ്യപ്പെട്ടിട്ടുണ്ട് എങ്കിലും ഏത് രീതിയിൽ ആണ് 10 ലക്ഷം രൂപ നഷ്ടപരിഹാരമായി ആവശ്യപ്പെട്ടത് എന്ന് ഹരജിയിൽ പ്രസ്ഥാവിച്ചിട്ടില്ല. എന്നിരുന്നാലും ഹരജിക്കാരി ഗാർഹിക പീഡനത്തിന് ഇരയായിട്ടുണ്ട് എന്ന് കോടതിക്ക് ബോധ്യപ്പെട്ടതിനാൽ, 50,000/- (അൻപതിനായിരം) രൂപ നഷ്ടപരിഹാരമായി നൽകുന്നതിന് സാഹചര്യം ഉണ്ടെന്ന് ഈ കോടതി കാണുന്നു. ഹരജിക്കാരി ഹരജിയിൽ പറഞ്ഞ കാര്യങ്ങൾ എതിർഭാഗം തർക്കിച്ചിട്ടില്ലാത്തതിനാൽ, ഹരജിയിൽ ആവശ്യപ്പെട്ട പ്രകാരം ഉത്തരവ് കിട്ടാൻ ഹരജിക്കാരിക്ക് അവകാശം ഉണ്ട് എന്ന് ഈ കോടതിക്ക് ബോധ്യപ്പെട്ടിരിക്കുന്നു. ഹർജിക്കാരിക്ക് നഷ്ടപരിഹാരം ലഭിക്കാൻ അർഹതയുള്ള സാഹചര്യത്തിൽ എതിർകക്ഷിയോട് വ്യവഹാര നടത്തിപ്പിന് വേണ്ട ചിലവ് തുകയായ 25,000/- രൂപ എതിർകക്ഷികളോട് നല്കണം എന്ന നിവർത്തി പരിഗണിക്കേണ്ടതില്ല എന്ന് കോടതി നിരീക്ഷിക്കുന്നു. ആയതിനാൽ താഴെ പറയും പ്രകാരം ഉത്തരവ് പുറപ്പെടുവിക്കുന്നു.

10. **പോയിൻറ് നമ്പർ (vii):** മുകളിൽ ചർച്ച ചെയ്ത i മുതൽ vi വരെ പോയിൻറുകളുടെ വെളിച്ചത്തിൽ ഹർജി ഭാഗികമായി അനുവദിക്കുന്നു.

1. ഹർജിക്കാരിയെ ഉപദ്രവിക്കുകയോ പരിക്ക് ഏല്പിക്കുകയോ, മാനസികമായും ശാരീരികമായും പീഡിപ്പിക്കുകയോ, ഭീഷണിപ്പെടുത്തുകയോ ചെയ്ത്പോകരുത് എന്ന് എതിർകക്ഷികളെ വകുപ്പ് 18(a) പ്രകാരം കല്പിച്ചു നിരോധിച്ചു ഉത്തരവ് ആകുന്നു.
2. ഹർജി സമർപ്പിച്ച തീയ്യതി മുതൽ ഒന്നാം എതിർകക്ഷി കുട്ടിക്ക് പ്രതിമാസം 25,000/- (ഇരുപത്തയ്യായിരം) രൂപ ചിലവിന് നൽകാൻ വകുപ്പ് 20(d) പ്രകാരം ഇതിനാൽ ഉത്തരവാകുന്നു. മൈനറായ

കുട്ടിക്ക് വേണ്ടി സംരക്ഷണ ചെലവ് സംഖ്യ കൈപറ്റുവാൻ ഹർജിക്കാരിയെ അനുവദിച്ചും ഉത്തരവായിരിക്കുന്നു.

3. ഗാർഹിക പീഡന പ്രവൃത്തിയിലുണ്ടായ മാനസിക പീഡനം വൈകാരിക ഉപദ്രവം തുടങ്ങിയ പീഡനങ്ങൾക്ക് നഷ്ടപരിഹാരമായി ഒന്നാം എതിർകക്ഷി ഹരജിക്കാരിക്ക് 50,000/- (അമ്പതിനായിരം) രൂപ ഉത്തരവ് തീയതി മുതൽ രണ്ടുമാസത്തിനകം നഷ്ടപരിഹാരം നൽകേണ്ടതാണ് എന്ന് ഇതിനാൽ ഉത്തരവാകുന്നു.

(ഈ ഉത്തരവിനെതിരെ ഉത്തരവ് തീയ്യതി മുതൽ 30 ദിവസത്തിനകം ബഹുമാനപ്പെട്ട കോഴിക്കോട് സെഷൻസ് കോടതി മുമ്പാകെ അപ്പീൽ ബോധിപ്പിക്കാവുന്നതാണ്.)

(ഞാൻ പറഞ്ഞു കൊടുത്ത പ്രകാരം കോൺഫിഡൻഷ്യൽ അസിസ്റ്റൻറ് ടൈപ്പ് ചെയ്ത് ഞാൻ ശരിയാക്കി തുറന്ന കോടതി മുമ്പാകെ 2026 മാർച്ച് മാസം 24 തീയ്യതി ഈ ഉത്തരവ് പുറപ്പെടുവിച്ചിരിക്കുന്നു.)

ന്യായാധികാരി
കൊടുവള്ളി,താമരശ്ശേരി

<u>അനുബന്ധം</u>

<u>ഹർജിഭാഗം വിസ്തരിച്ച സാക്ഷികൾ</u>

PW1 : ജസീല സി.കെ(ഹർജിക്കാരി)

<u>ഹരജിഭാഗം ഹാജരാക്കിയ പ്രമാണങ്ങൾ :ഇല്ല</u>

<u>എതിർകക്ഷിഭാഗം വിസ്തരിച്ച സാക്ഷികൾ :ഇല്ല</u>

<u>എതിർകക്ഷിഭാഗം ഹാജരാക്കിയ പ്രമാണങ്ങൾ: ഇല്ല</u>

ന്യായാധികാരി
കൊടുവള്ളി, താമരശ്ശേരി